# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 4**

---

## വ്യാജ വിജ്ഞാപനം; എം.ജി സർവകലാശാല പരാതി നൽകി

പരീക്ഷകൾ മാറ്റിവച്ചെന്ന രീതിയിൽ വ്യാജ വിജ്ഞാപനം തയ്യാറാക്കിയവർക്കും പ്രചരിപ്പിച്ചവർക്കുമെതിരെ നടപടി ആവശ്യപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാല പോലീസ് സൈബർ സെല്ലിൽ പരാതി നൽകി. വ്യാജ അറിയിപ്പുകളും രേഖകളും പ്രചരിപ്പിക്കുന്നത് പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനെയും വിദ്യാർഥികളുടെ ഭാവിയെയും ബാധിക്കുമെന്ന് സർവകലാശാലാ രജിസ്ട്രാർ നൽകിയ പരാതിയിൽ ചൂണ്ടിക്കാട്ടി.

തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും സർവകലാശാലയുടെ പേര് ഉപയോഗിച്ച് പ്രവർത്തിക്കുന്ന അനധികൃത സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകൾക്കെതിരെയും കർശന നടപടികൾ സ്വീകരിക്കും. സർവകലാശാലയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ മുഖ്യധാരാ മാധ്യമങ്ങളിലൂടെ അറിയിക്കുന്നതിനു പുറമെ ഔദ്യോഗിക വെബ്സൈറ്റിലും സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിലും പ്രസിദ്ധീകരിക്കുന്നുണ്ട്. അനധികൃത അറിയിപ്പുകൾക്കെതിരെ വിദ്യാർഥികളും രക്ഷിതാക്കളും കോളജുകളും ജാഗ്രത പാലിക്കണം–രജിസ്ട്രാർ അറിയിച്ചു.

എം.ജി. സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് – https://www.mgu.ac.in/ ഫേസ്ബുക്ക് പേജ് – https://www.facebook.com/mgu.ac.in, വാട്സപ്പ് ചാനൽ – whatsapp.com/channel/0029VaZAU0SG3R3cmFxF3Y2N, ഇൻസ്റ്റഗ്രാം – https://www.instagram.com/mgu.ac.in/, യൂട്യൂബ് ചാനൽ – https://www.youtube.com/@mgu.ac.in.

(പി.ആർ.ഒ/39/257/2024)

## പരീക്ഷാ ഫലം

എം.ടെക് ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ (2013, 2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് –സെപ്റ്റംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസടച്ച് ഏപ്രിൽ 19ന് മുൻപ് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

....................
മൂന്നാം സെമസ്റ്റർ ഓഫ് ആർട്സ് ഇൻ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററിയും ഇംപ്രൂവ്മെന്റും സെമസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്(2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്–2023 ഒക്ടോബർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഏപ്രിൽ 17വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.
......
മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ്(റെഗുലർ, സപ്ലിമെന്ററി) എം.എ ജേർണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
(പി.ആർ.ഒ/39/258/2024)

## പ്രാക്ടിക്കൽ

ഫെബ്രുവരിയിൽ നടന്ന ഒൻപതാം സെമസ്റ്റർ ഐഎംസിഎ(2019 അഡ്മിഷൻ റഗുലർ, 2018, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി) ഒൻപതാം സെമസ്റ്റർ ഡിഡിഎംസിഎ(2016 സപ്ലിമെന്ററി, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 16 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
...................
അഞ്ചാം സെമസ്റ്റർ ബിവോക് വിഷ്വൽ മീഡിയ ആന്റ് ഫിലിം മേക്കിംഗ്(2021 അഡ്മിഷൻ റഗുലർ ന്യൂ ,സ്കീം ജനുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 15, 16 തീയതികളിൽ കാലടി ശ്രീശങ്കര കോളജിൽ നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
..............
ആറാം സെമസ്റ്റർ സിബിസിഎസ്(2021 അഡ്മിഷൻ റഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മാർച്ച് 2024)ബിരുദ പരീക്ഷയുടെ ബി.എ മ്യൂസിക് വോക്കൽ, വീണ, വയലിൻ, മൃദംഗം, മദ്ദളം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 16 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/259/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**